# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 ആഗസ്റ്റ് 11, വെള്ളി

**നമ്പർ 84**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

തയ്യാറാക്കിയ മുൻഗണനാ പട്ടികയിലുള്ള ക്രമക്കേടുകൾമൂലവും റേഷൻ കാർഡുകളിൽ കടന്നുകൂടിയിട്ടുള്ള തെറ്റുകൾമൂലവും റേഷൻ കാർഡുകൾ യഥാസമയം വിതരണം ചെയ്യാൻ കഴിയാത്തതുമൂലവും സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. അനൂപ് ജേക്കബും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്നു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

KNPP.1163/2017(i).

ശ്രദ്ധ ക്ഷണിക്കൽ:

(1) തീരദേശ പരിപാലന വിജ്ഞാപനത്തിലെ നിയന്ത്രണങ്ങൾ കാരണം തീരദേശമേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രദേശവാസികളായ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങളിലേക്ക് ശ്രീ. എ. എൻ. ഷംസീർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ വനിതാ ജീവനക്കാർക്ക് മാസത്തിൽ ഒരു ദിവസം ആർത്തവ അവധി അനുവദിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. എസ്. ശബരീനാഥൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ:

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | മട്ടന്നൂർ നഗരസഭാ ചെയർമാൻ ദളിത് യുവതിയെ മർദ്ദിച്ച സംഭവം | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. കൃഷ്ണൻകുട്ടി | പറമ്പിക്കുളത്തു നിന്നും തമിഴ്നാട് വെള്ളം കൊണ്ടുപോകുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. അടൂർ പ്രകാശ് | പി.എസ്.സി. -യുടെ പത്തനംതിട്ട എൽ.ഡി.സി. പരീക്ഷ റദ്ദ് ചെയ്യുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. കെ. ആൻസലൻ | കരമന- കളിയിക്കാവിള ദേശീയ പാതയിൽ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള റോഡ് വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പ്രദീപ്കുമാർ | ചക്ലിയ സമുദായത്തിന് പട്ടികജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. എൽദോ എബ്രഹാം | അങ്കമാലി -ശബരി റെയിൽപാത നടപടികൾ ത്വരിതപ്പെടുത്തുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. കെ. സി. മമ്മത് കോയ | കോഴിക്കോട്-മീഞ്ചന്ത ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ശോച്യാവസ്ഥ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 8 | ശ്രീമതി. വീണാ ജോർജ്ജ് | പത്തനംതിട്ട ജില്ലയിലെ അന്യ സംസ്ഥാന തൊഴിലാളികൾക്കിടയിൽ മന്ത് രോഗം, കോളറ മുതലായ പകർച്ചവ്യാധികൾ പടരുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. മുരളീധരൻ | കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയിലെ സ്റ്റാഫ് നഴ്സുമാരുടെ ശമ്പള വർദ്ധന | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

അതത് വിഷയങ്ങൾ സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ട് സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) 2017-ലെ കേരള ചരക്കുസേവന നികുതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(2) 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(3) 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് .

അനൗദ്യോഗികാംഗങ്ങളുടെ കാര്യം:

1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

2. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ.

   (i) ശ്രീ. എൻ. എ. നെല്ലിക്കുന്ന് 2016-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരണ ബില്ലിന്റെ

അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. തൊഴിലും, എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യ ബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. തുടർന്ന് സഭയുടെ അനുമതിയോടെ പ്രമേയം പിൻവലിച്ചു.

(ii) ശ്രീ. ജെയിംസ് മാത്യു 2016-ലെ കേരള കണ്ടൽ വനം സംരക്ഷണ-വികസന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(iii) ശ്രീ. വി. ടി. ബൽറാം 2017-ലെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(iv) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ 2017- ലെ ചികിത്സാവകാശ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

2017 ആഗസ്റ്റ് 16-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.30 - ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Seventh Session

# BULLETIN—PART I

( Brief Record of Proceedings )

*Friday, August 11, 2017*

**No. 84**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Food and Civil Supplies, the Speaker withheld consent to the moving of an adjournment motion given notice of by Shri Anoop Jacob and two other Members regarding the serious situation reported to have arisen in the State due to the irregularities in the priority list prepared, the errors that crept into the ration cards and the inability to distribute ration cards on time.

In protest against the attitude of the Government in this matter the Members belonging the opposition staged a walk-out.

*Calling Attention:*

(1) Shri A. N. Shamseer called the attention of the Chief Minister to the issues being experienced in construction activities by the fishermen in the coastal area in the State due to restrictions imposed by the Coastal Regulatory Zone Notification. The Chief Minister made a statement thereto.

(2) Shri K. S. Sabarinadhan called the attention of the Chief Minister to the necessity to sanction a Menstrual Leave every month to women employees in the State. The Chief Minister made a statement thereto.

KNPP.1163/2017(ii).

*The Matters raised under Rule 304 :*

The matters raised by Members in the House under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | മട്ടന്നൂർ നഗരസഭാ ചെയർമാൻ ദളിത് യുവതിയെ മർദ്ദിച്ച സംഭവം | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. കൃഷ്ണൻകുട്ടി | പറമ്പിക്കുളത്തു നിന്നും തമിഴ്നാട് വെള്ളം കൊണ്ടുപോകുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. അടൂർ പ്രകാശ് | പി.എസ്.സി -യുടെ പത്തനംതിട്ട എൽ.ഡി.സി പരീക്ഷ റദ്ദ് ചെയ്യുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. കെ. ആൻസലൻ | കരമന- കളിയിക്കാവിള ദേശീയ പാതയിൽ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള റോഡ് വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പ്രദീപ്കുമാർ | ചക്ലിയ സമുദായത്തിന് പട്ടികജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീ. എൽദോ എബ്രഹാം | അങ്കമാലി -ശബരി റെയിൽപാത നടപടികൾ ത്വരിതപ്പെടുത്തുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. കെ. സി. മമ്മത് കോയ | കോഴിക്കോട്-മീഞ്ചന്ത ഗവ.ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ശോച്യാവസ്ഥ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 8 | ശ്രീമതി വീണാ ജോർജ്ജ് | പത്തനംതിട്ട ജില്ലയിലെ അന്യ സംസ്ഥാന തൊഴിലാളികൾക്കിടയിൽ മന്ത് രോഗം, കോളറ മുതലായ പകർച്ചവ്യാധികൾ പടരുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. മുരളീധരൻ | കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയിലെ സ്റ്റാഫ് നഴ്സുമാരുടെ ശമ്പള വർദ്ധന | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Presentation of Reports:*

The following Reports were presented:

(1) The Report of the Subject Committee on Kerala Goods and Services Tax Bill, 2017.

(2) The Report on the Kerala Co-operative Societies (Amendment) Bill, 2017.

(3) The Report of the Subject Committee on Kerala Public Service Commission (Additional Functions as respects the Services under the Kerala Administrative Tribunal ) Bill, 2017.

*Private Member's Business:*

(1) The Ninth Report of the Committee on Private Members' Bills and Resolutions was adopted.

(2) Motion for leave to introduce the following Bills :

(i) Shri N. A. Nellikkunnu moved a motion for leave to introduce the Constitution of Kerala Culinarian Welfare Fund Scheme Bill, 2016. Since the motion was opposed by the Minister for Fisheries, Harbour Engineering and Cashew Industry, on behalf of the Minister for Labour and Excise, the mover was allowed to make a brief statement. Then the motion was withdrawn by the leave of the House.

(ii) Shri James Mathew moved a motion for leave to introduce the Kerala Mangrove Forest (Conservation and Development) Bill, 2016. Since the motion was opposed, the mover was allowed to make a brief statement. The Statement was inconclusive.

(iii) Shri V. T. Balram moved a motion for leave to introduce the Kerala State Authority for the protection of Rights of Transport Vehicle Passengers Bill, 2017. Since the motion

was opposed, the mover was allowed to make a brief statement. The Statement was inconclusive.

(iv) Prof. Abid Hussain Thangal moved a motion for leave to introduce the Right to Treatment Mission Bill, 2017. Since the motion was opposed, the mover was allowed to make a brief statement. The Statement was inconclusive.

The House adjourned at 12.30 p.m. to meet again at 8.30 a.m. Wednesday August 16, 2017.

V. K. BABU PRAKASH,
*Secretary.*